നം. ഡി6/35398/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 25/09/2017

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ,

വിഷയം - പൊതുവിദ്യാഭ്യാസം- അഡ്ഹോക്ക് ഡി.പി.സി (ലോവർ) 2017 സംബന്ധിച്ച്.

സൂചന -

ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിലേക്കുള്ള സ്ഥാന ക്കയറ്റത്തിനായി 2017 ലെ ഡി.പി.സി (ലോവർ) അംഗീകരിച്ച സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ എച്ച്.എസ്.എ മാർക്കും ഇതിനോടകം സ്ഥാനക്കയറ്റം നൽകി കഴിഞ്ഞു. ഈ സാഹചര്യത്തിൽ നിലവിലുള്ള ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഒഴിവുകൾ നികത്തുന്നതിനുള്ള സെലക്ട് ലിസ്റ്റ് അഡ്ഹോക്ക് ഡി.പി.സി (ലോവർ) കൂടി തയ്യാറാക്കേണ്ടതുണ്ട്. ആകയാൽ 1997-2000 എച്ച്.എസ്.എ സീനിയോറിറ്റി ലിസ്റ്റിൽ ആദ്യ 300 റാങ്ക് വരെയുള്ളവരിലും മുൻ സീനിയോറിറ്റി ലിസ്റ്റുകളിൽ ഉൾപ്പെട്ടവരിലും ഇനിയും കോൺഫിഡൻഷ്യൽ റിപ്പോർട്ട്, ടെസ്റ്റ് യോഗ്യത സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ സമർപ്പിക്കാത്തവർ ഉണ്ടെങ്കിൽ അവരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ശേഖരിച്ച് ഉപരിപത്രം, ക്രോഡീകരിച്ച ലിസ്റ്റ് എന്നിവ സഹിതം 04.10.2017 ന് മുൻപായി പ്രത്യേക ദൂതൻ മുഖേന പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഡി സെക്ഷനിൽ എത്തിക്കേണ്ടതാണ്. 2017 ലെ ഡി.പി.സി ക്കായി നേരത്തേ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ചവർ ഇനിയും സമർപ്പിക്കേണ്ടതില്ല. ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടിയിട്ടില്ലാത്തവരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ അഡ്-ഹോക്ക് ഡി.പി.സി ക്കായി ഈ ഓഫീസിലേക്ക്

അയയ്ക്കാതിരിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. രേഖകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി കർശനമായും പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

വി.അനിൽകുമാർ

സീനിയർ അഡ്മിനിസ്ട്രേഷൻ ഓഫീസർ (ഇൻ ചാർജ്ജ്)

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി